TRACT No : SH - 4

# താങ്കളുടെ പൗരത്വം എവിടെ ?

നാം ഭാരതീയർ; ഭാരത പൗരന്മാർ. അതിൽ നാം അഭിമാനിക്കുന്നു. ഒരു പൗരൻ തന്റെ അവകാശത്തോടൊപ്പം രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന എല്ലാ നിയമങ്ങളും അനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥനുമാണ്. പൗരത്വം ജന്മാവകാശമാണ്. എന്നാൽ അപേക്ഷ നൽകി മറ്റൊരു രാജ്യത്തിലും പൗരത്വം നേടാം. മറ്റൊരു രാജ്യത്തിൽ പോകുന്നതിനായി അനുമതിരേഖ (Passport) ആവശ്യമാണ്. കൂടാതെ പ്രവേശിക്കുവാൻ ഉദ്ദേശിക്കുന്ന രാജ്യത്തിൽ നിന്നും ഉത്തരവാദിത്വപ്പെട്ടവരുടെ പ്രവേശനാനുമതി അഥവാ സമ്മതപത്രം (Visa) വേണം. അതിനായി ആ രാജ്യത്തിലെ ഒരാൾ ജാമ്യക്കാരനായി (Sponsor) വേണം. ഇങ്ങനെ മറ്റൊരു രാജ്യത്തിലേക്കുള്ള പ്രവേശനത്തിനും താമസത്തിനും പല നിയമനടപടികൾ ഉണ്ടായിരിക്കും. ജന്മനാ ലഭിക്കുന്ന പൗരത്വം, മറ്റൊരു രാജ്യത്തിലപേക്ഷിച്ച് ലഭിക്കുന്ന പൗരത്വം, ഇവ ലഭിക്കുന്നതുപോലെ തന്നെ **സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കുവാനും പൗരത്വം ആവശ്യമാണ്.**

പ്രിയ സുഹൃത്തേ, ഈ ലോകജീവിതം കഴിഞ്ഞ് താങ്കൾ മറ്റൊരു യാത്രയ്ക്ക് തയ്യാറാകേണ്ടിവരും. ഒരുനാൾ ഈ ലോകം വിടേണ്ടിവരും. കൂടാതെ താങ്കളുടെ വീട്, വസ്തുവകകൾ, ധനം, ബന്ധുമിത്രാദികൾ എല്ലാം എല്ലാം. ഏകനായി നിത്യതയിലേക്ക് പ്രവേശിക്കും. സ്വർഗ്ഗീയപൗരത്വം ലഭിച്ചവർക്കു മാത്രമേ നിത്യസമാധാനത്തിലേക്കും നിത്യസന്തോഷത്തിലേക്കും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. സ്വർഗ്ഗീയപൗരത്വം ഭൂമിയിൽ വെച്ചുതന്നെ നേടിയിട്ടില്ലാത്തവർ മരണശേഷം നിത്യയാതനാസ്ഥലമായ നരകത്തിൽ ചെന്നെത്തും.

**സ്വർഗ്ഗീയ പൗരത്വം എങ്ങനെ ലഭിക്കും?** ഇതിനുള്ള പ്രധാന വ്യവസ്ഥ അവിടേക്ക് പോകുവാൻ ആഗ്രഹമുള്ള വ്യക്തിക്ക് ജാമ്യക്കാരനാകുവാൻ (Sponsor) യോഗ്യതയുള്ള ഒരാളിനെ വേണം എന്നുള്ളതാണ്. മനുഷ്യവർഗ്ഗത്തിനു മുഴുവൻ ജാമ്യക്കാരനാകുവാൻ കഴിവും യോഗ്യതയുമുള്ള ഒരാളുണ്ട്; അദ്ദേഹമാണ് കർത്താവായ യേശുക്രിസ്തു. മനുഷ്യനായി ലോകത്തിലേക്കു വന്ന ദൈവം. വിശുദ്ധ ബൈബിളിൽ ഭക്തനായ ഇയ്യോബ് (16:19) പറയുന്നു: *"ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു."* യേശുക്രിസ്തു എന്ന ഈ ജാമ്യക്കാരൻ പാപം ചെയ്തിട്ടില്ല; പാപം അറിഞ്ഞിട്ടില്ല; അദ്ദേഹത്തിൽ പാപം ഇല്ല.(1.പത്രൊ.2:22/2.കൊരി.5:21/1.യോഹ.3:5) യേശുക്രിസ്തു ഇന്നും തന്നിൽ ആശ്രയിക്കുന്നവരെ വീണ്ടെടുക്കുന്നു; പാപമോചനം നൽകുന്നു; സ്വർഗ്ഗീയഭവനത്തിൽ എത്തിക്കുന്നു. സ്വർഗ്ഗീയപൗരത്വം ലഭിക്കുവാനായി താങ്കൾക്ക് സത്യവാങ് (Affidavit) മൂലമുള്ള (ഏറ്റുപറച്ചിൽ) വീണ്ടുംജനനസർട്ടിഫിക്കറ്റ് ആവശ്യമാണ്. വീണ്ടുംജനനം അഥവാ രക്ഷപ്രാപിക്കൽ സർട്ടിഫിക്കറ്റ് എങ്ങനെ ലഭിക്കും? വളരെ ലളിതം. ബൈബിൾ പറയുന്നു: — *"യേശുവിനെ കർത്താവു എന്നു വായികൊണ്ടു*

[മറുപുറം]

*ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"* (റോമർ.10:9). വീണ്ടുംജനനം (Rebirth) അഥവാ ആത്മരക്ഷ (Salvation) നടക്കേണ്ടത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ്.

താങ്കളുടെ പേര് റേഷൻ കാർഡിലും, വോട്ടേഴ്സ് പട്ടികയിലും,സമുദായ സഭാരജിസ്റ്ററിലും, ഗവണ്മെന്റു റിക്കോർഡുകളിലും കണ്ടേക്കാം, എന്നാൽ സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ പേര് ചേർക്കപ്പെട്ടില്ലെങ്കിൽ മരണാനന്തരം നിശ്ചയമായും നരകത്തീപ്പൊയ്കയിൽ ചെന്നെത്തും.*"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"*(വെളി.20:15). എന്നാൽ താങ്കൾ പാപിയാണെന്നുള്ള ബോദ്ധ്യമുണ്ടായി, യേശുക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളെ ഏറ്റുപറഞ്ഞു, യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷത്തിൽ ആത്മീയജനനം നടക്കുന്നു. ഈ വീണ്ടുംജനനമാണ് സ്വർഗ്ഗീയപൗരത്വത്തിന് ആവശ്യം. യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് പാപികളെ രക്ഷിപ്പാനാണ്; സ്വർഗ്ഗീയഭവനത്തിലെ അംഗങ്ങളാക്കുവാനാണ്. താങ്കൾ യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷകനായി അംഗീകരിക്കുന്ന നിമിഷം തന്നെ താങ്കളുടെ പേര് സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ എഴുതപ്പെടുന്നു; സ്വർഗ്ഗീയപൗരനായിത്തീരുന്നു.

ഈ സ്വർഗ്ഗീയ പൗരത്വം താങ്കൾക്ക് ആവശ്യമെങ്കിൽ താഴെക്കാണുന്ന പ്രാർത്ഥനാവാചകം വിശ്വാസത്തോടെ പ്രാർത്ഥിക്കുക-*"യേശുകർത്താവേ, എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങ് എന്റെ പാപങ്ങൾ തീർക്കാനായി ഈ ലോകത്തിലേക്കുവന്നു, ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയെ ഞാൻ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ശിഷ്ടജീവിതം അങ്ങയിൽ മാത്രം ആശ്രയിച്ചു തുടരുവാൻ ഞാൻ തീരുമാനിക്കുന്നു."*

പ്രിയ മിത്രമേ, ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചു എങ്കിൽ താങ്കൾ വീണ്ടും ജനിച്ചിരിക്കുന്നു, രക്ഷിക്കപ്പെട്ടിരിക്കുന്നു, ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്നു, സ്വർഗ്ഗീയപൗരത്വം ലഭിച്ചിരിക്കുന്നു. തുടർന്ന് എല്ലാവിധ ആത്മീകഭൗതീക അനുഗ്രഹങ്ങളാലും താങ്കളെ ദൈവം വഴിനടത്തുകയും പരിപാലിക്കുകയും ചെയ്യുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം)എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com